(ബി) 1-4-82-നോ അതിനുശേഷമോ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്നതും മിനിമം പെൻഷനുള്ള യോഗ്യ സേവനകാലം ഉണ്ടായിരിക്കുകയും (2 വർഷവും 1 ദിവസവും) ചെയ്യുന്നവരുടെ അർഹരായ കുടുംബങ്ങൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. പേഴ്സണൽ സ്റ്റാഫ് പെൻഷണർക്കും ഫാമിലി പെൻഷണർക്കും പ്രായഭേദമെന്യേ 1-12-10 മുതൽ പ്രതിമാസം 100 രൂപ നിരക്കിൽ മെഡിക്കൽ അലവൻസ് അർഹതയുണ്ട്. 55 വയസ്സിനു മുമ്പ് പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുകയും 55 വയസ്സിനു ശേഷവും പേഴ്സണൽ സ്റ്റാഫിൽ തുടരുകയും ചെയ്യുന്ന വ്യക്തികൾക്ക് അവർ പിരിയുന്ന സമയത്ത് കമ്മ്യൂട്ടേഷൻ അനുവദിക്കുന്നതാണ്. എന്നാൽ മുമ്പു പിരിഞ്ഞവർക്കും ഇപ്പോൾ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവർക്കും കമ്മ്യൂട്ടേഷന് അർഹതയില്ല. .

(സി) ഇല്ല.പേഴ്സണൽ സ്റ്റാഫിൽ പ്രവർത്തിച്ചവരുടെ പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് പ്രത്യേകിച്ച് ശിപാർശയൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

യു.ജി.സി./എ.ഐ.സി.റ്റി.ഇ. വിഭാഗത്തിൽ വരുന്ന അദ്ധ്യാപകരുടെ പെൻഷൻ പരിഷ്ക്കരണം

174(1431) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ജി.സി./എ.ഐ.സി.റ്റി.ഇ വിഭാഗത്തിൽ വരുന്ന അദ്ധ്യാപകരുടെ പെൻഷൻ പരിഷ്കരണം 9-ാം ധനകാര്യകമ്മീഷന്റെ പരിഗണനയിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) കോളേജ്/യൂണിവേഴ്സിറ്റി അദ്ധ്യാപകർക്ക് വൺ റാങ്ക് വൺ പെൻഷൻ ആനുകൂല്യം നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതര വിഭാഗം പെൻഷൻകാർക്ക് നല്കിയ വൺ റാങ്ക് വൺ പെൻഷൻ ആനുകൂല്യം അതേ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 1-1-2006 മുതൽ കോളേജ്/യൂണിവേഴ്സിറ്റി അദ്ധ്യാപകർക്കും നൽകുന്നതിന് ഉത്തരവിറക്കുമോ;

ഉത്തരം

(എ) യു.ജി.സി./എ.ഐ.സി.റ്റി.ഇ വിഭാഗക്കാരുടെ ശമ്പളം സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തോടൊപ്പമല്ല പരിഷ്ക്കരിച്ചത്. ആയതനാൽ ഈ വിഭാഗക്കാരുടെ പെൻഷൻ പരിഷ്ക്കരണവും പ്രത്യേകമായി പരിശോധിച്ചു വരുന്നു.

(ബി) 1-1-1996-ന് മുമ്പ് സർവ്വീസിൽ നിന്നും വിരമിച്ച കോളേജ്/ യൂണിവേഴ്സിറ്റി അദ്ധ്യാപകർക്ക് 24-5-2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ.299/2010/ധന പ്രകാരം വൺ റാങ്ക് വൺ പെൻഷൻ ആനുകൂല്യം നൽകിയിട്ടുണ്ട്.

(സി) ഈ വിഭാഗക്കാർക്ക് 1-1-2006 മുതൽ പെൻഷൻ പരിഷ്ക്കരിക്കുന്ന ശിപാർശയ്ക്ക് കാബിനറ്റ് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് താമസംവിനാ പുറപ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly